## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### ഏഴാം പദ്ധതിക്കാലത്ത് ഏറെടുക്കാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ

* 518 (552) ശ്രീ. ഇ. പത്മനാഭൻ:
ശ്രീമതി. കെ. ആർ. ഗൗരി:
ശ്രീ. വി. ജെ. തങ്കപ്പൻ:
,, കെ. സി. ജോസഫ്:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 7-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ആരംഭിക്കാൻ പോകുന്ന ജലവൈദ്യുത പദ്ധതികൾ ഏതെല്ലാം;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളത്;

(സി) പ്ലാനിംഗ് കമ്മീഷന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം;

(ഡി) ഏഴാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിക്കുന്ന ജല വൈദ്യുത പദ്ധതികൾ എത്ര വർഷംകൊണ്ട് പൂർത്തിയാകും;

(ഇ) ഈ പുതിയ പദ്ധതികൾകൂടി തീർന്നാൽ വിദ്യുച്ഛക്തിയുടെ കാര്യത്തിൽ സംസ്ഥാനം സ്വയം പര്യാപ്തത കൈവരിക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) പൂയാംകുട്ടി (240 മെഗാവോട്ട്), മാട്ടുപ്പെട്ടി (2 മെഗാവോട്ട്, മലങ്കര (8 മെഗാവാട്ട്), മലമ്പുഴ (2.5 മെഗാവാട്ട്), ചിമ്മൊണി (2.5 മെഗാവാട്ട്), പേപ്പാറ (3 മെഗാവാട്ട്), ചാലക്കുടി രണ്ടാം ഘട്ടം (200 മെഗാവാട്ട്), മാനന്തവാടി (240 മെഗാവാട്ട്), പള്ളിവാസൽ റിപ്ലേസ്മെന്റ് (240 മെഗാവാട്ട്), അച്ചൻകോവിൽ (60 മെഗാവാട്ട്); കേരള പാണ്ടിയാർ പുന്നപ്പുഴ (105 മെഗാവാട്ട്), കുരിയാർകുട്ടി-കാരാപ്പാറ (25 മെഗാവാട്ട്), ആനക്കയം (8 മെഗാവാട്ട്), അഴുത ഡൈവർഷൻ സ്കീം (57 ദശലക്ഷം യൂനിറ്റ്).

(ബി) പൂയാംകുട്ടി, മാട്ടുപ്പെട്ടി, മലങ്കര (മൂവാറ്റുപുഴ), മലമ്പുഴ, ചിമ്മൊണി, പേപ്പാറ.

(സി) പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരത്തിനു മുന്നോടിയായി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി താഴെപ്പറയുന്ന പദ്ധതികൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാൽ മാത്രമേ പ്ലാനിംഗ് കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കുവാൻ ഒക്കുകയുള്ളൂ.

(1) പള്ളിവാസൽ റിപ്ലേസ്മെന്റ് സ്കീം
(2) ചാലക്കുടി രണ്ടാംഘട്ടം
(3) മാനന്തവാടി
(4) ആനക്കയം

(ഡി) നാലുമുതൽ ഏഴുവരെ കൊല്ലംകൊണ്ട്.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly